23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 742(2)/2020/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 14960/SIC-G6/2020)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. രേഖ എം. ശ്രീകുമാർ,
W/o. ശ്രീകുമാർ എം.കെ,
മാധവസദനം, ഏറത്തുകുളക്കട,
കുളക്കട – 691 521.
} പരാതി ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, വഞ്ചിയൂർ(പി.ഒ), തിരുവനന്തപുരം-695 035.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), പത്തനംതിട്ട.

} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/11/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/11/2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 21/12/2020 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 24/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/02/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 23/10/2021 – ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി. രേഖ എം. ശ്രീകുമാർ, 21/12/2020 തീയതി സമർപ്പിച്ച പരാതി ഹർജി 24/12/2020-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 742(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്.

3. പരാതി ഹർജിക്കാരി 09/11/020 തീയതിയിൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് സൂചന 3-ൽ (21/07/2020-ലെ എം.എച്ച്1-35046/2020/ ആ.വ.ഡാ) പറയുന്ന കത്തിന്, പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസർ നൽകിയ മറുപടി കത്ത്, അനുബന്ധ റിപ്പോർട്ട്/രേഖകൾ എന്നിവയുടെ ശരിപകർപ്പുകൾ ലഭ്യമാക്കണമെന്നതാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 18/11/2020-ന് മറുപടി നൽകിയിട്ടുളളതാണ്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 02/02/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമം 2005 പ്രകാരം ഹർജിക്കാരി 01.06.2020-ന് നൽകിയ വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിഷയം സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസർക്ക് 21/07/2020-ന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവെന്നും എന്നാൽ ടി റിപ്പോർട്ട് പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ചില്ലെന്നും തുടർന്ന് ഹർജിക്കാരി 9/11/2020-ന് വീണ്ടും വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് അപേക്ഷകയ്ക്ക് നേരിട്ട് മറുപടി നൽകാൻ പത്തനംതിട്ട ജില്ലാമെഡിക്കൽ ഓഫീസർക്ക് 18/11/2020-ലെ എം.എച്ച്1-33111/20/ആ.വ.ഡ കത്ത് പ്രകാരം നിർദ്ദേശം നൽകുകയും തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട 11/01/2020-ലെ എ4/17211/2020 എന്ന കത്ത് പ്രകാരം മറുപടി അപേക്ഷകന് നൽകുകയും ചെയ്തുവെന്നും, നിലവിൽ ഹർജിക്കാരിയുടെ ഭർത്താവ് ശ്രീ. ശ്രീകുമാറിനെ 02/02/2021-ൽ മെഡിക്കൽ പരിശോധന നടത്തുന്നതിനുള്ള അറിയിപ്പ് പത്തനംതിട്ട ജനറൽ ആശുപത്രി സൂപ്രണ്ട് നൽകിയിട്ടുണ്ടെന്നുമാണ്. ആരോഗ്യ വകുപ്പ് ജീവനക്കാർ കോവിഡ് 19-ന്റെ

പ്രതിരോധപ്രവർത്തനങ്ങളിലും വാക്സിനേഷൻ പ്രവർത്തനങ്ങളിലും സജീവമായി മുന്നോട്ട് പോയികൊണ്ടിരിക്കുന്ന ടി അവസരത്തിൽ കഴിയുന്നത്ര സേവനം വീഴ്ച്ച കൂടാതെ നൽകാറുണ്ടെന്നും പൊതുജനങ്ങളുടെ പരാതികൾക്കും മുൻഗണന നൽകാറുണ്ടെന്നുമുള്ള വിവരവും, കൂടാതെ ടി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കത്തുകളുടെയും പകർപ്പും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ടിയാൻ കമ്മീഷൻ മുമ്പാകെ 01/11/2021-ൽ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 02-ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV